(ബി) സംസ്ഥാനത്ത് ഇപ്പോൾ 9 ജില്ലകളിൽ കുടുംബകോടതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(സി) ശേഷിക്കുന്ന 5 ജില്ലകളിൽ കുടുംബകോടതികൾ ആരംഭിക്കുവാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

തലശ്ശേരിയിൽ കുടുംബകോടതിയുടെ സിറ്റിംഗ് സംവിധാനം

77 (3031) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിൽ കുടുംബകോടതി സ്ഥാപിച്ചതിനുശേഷം എത്ര കേസുകൾ ഫയൽ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) തലശ്ശേരിയിൽ കുടുംബകോടതിയുടെ സിറ്റിംഗ് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂരിൽ കുടുംബകോടതി 7-6-2003-ൽ പ്രവർത്തനമാരംഭിച്ചു. 30-6-2003 വരെ 583 കേസുകൾ കോടതിയുടെ പരിഗണനയിലുണ്ട്. (553 കേസുകൾ ട്രാൻസ്ഫർ മുഖേന ലഭിച്ചതും 30 കേസുകൾ പുതിയതായി ഫയൽ ചെയ്തിട്ടുള്ളതും)

(ബി) ഇക്കാര്യം ഹൈക്കോടതിയുടെ സജീവ പരിഗണനയിലാണ്.

കൊണ്ടോട്ടിയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

78 (3032) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കൊണ്ടോട്ടിയിൽ ഒരു ഫയർസ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന 14 സ്ഥലങ്ങളിൽ (ഒരു ജില്ലയിൽ ഒന്നുവീതം) വരുന്ന മൂന്ന് വർഷത്തിനകം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുവാനുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ കമാന്റന്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പെരിന്തൽമണ്ണയിലെ ഫയർ സ്റ്റേഷൻ

79 (3033) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് കൂടുതൽ ഫയർ സ്റ്റേഷനുകൾ ആരംഭിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

---

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly